

# നർമ്മദയിൽനിന്ന് ഒരഭ്യർത്ഥന

**1999 ജൂൺ 20 മുതൽ സത്യഗ്രഹമാരംഭിച്ചു.**
**അനീതിയേയും മുങ്ങിപ്പോകലിനേയും അതിജീവിക്കാനുള്ള ജനകീയ പ്രക്ഷോഭത്തിൽ അണിചേരുക.**

പ്രിയ സുഹൃത്തേ,

നർമ്മദയിലെ ജലം ഇന്നു ക്ഷോഭിച്ചിരിക്കുന്നു. വരുന്ന കാലവർഷക്കാലത്ത് ജീവിക്കാനുള്ള അവകാശത്തിനുവേണ്ടി നാം നടത്തുന്ന സമരം തീവ്രമാക്കേണ്ടിയിരിക്കുന്നു. സുപ്രീം കോടതിയുടെ ഇടക്കാല ഉത്തരവനുസരിച്ച് ഡാമിന്റെ ഉയരം 85 മീറ്ററാക്കാമെന്നായി. ഇതിന്റെ കൂടെ മൂന്നു മീറ്ററിന്റെ തടയും ചേർന്നാൽ അടുത്ത മഴയിൽ സർദാർ സരോവർ പദ്ധതിമൂലം പലഗ്രാമങ്ങളും അതിലെ ജനങ്ങളും മുങ്ങിപ്പോകും. വിന്ധ്യയിലെയും സത്പുരയിലേയും ഗോത്രവർഗ പ്രദേശങ്ങൾ മുഴുവനും ഇതിൽപെടും. പുനരധിവാസച്ചേരികളിൽനിന്നും തിരിച്ചുവന്ന മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങളിലെ 2500ഓളം കുടുംബങ്ങളെയാണ് ഇതു ബാധിക്കാൻ പോകുന്നത്. മുഴുവൻ ജീവിതവും സംസ്കാരവും ജീവിതത്തിന്റെ അന്തസും ഉന്മൂലനഭീഷണി നേരിടുന്നു. എന്താണ് നമ്മുടെ തീരുമാനം.... പ്രാർത്ഥനയോ?

ഈ മുക്കിക്കൊല്ലൽ തികഞ്ഞ അനീതിയാണെന്നതിനു സംശയമില്ല. മുമ്പ് കുടിയൊഴിപ്പിക്കപ്പെട്ടവരെ ന്യായമായി പുനരധിവസിപ്പിക്കാനായിട്ടില്ല. ഇപ്പോൾ മുങ്ങിപ്പോകൽ ഭീഷണിയെ നേരിടുന്നവർക്ക് ഭൂമിയും ജീവനോപാധികളും എവിടെ? കഴിഞ്ഞ പതിന്നാലുവർഷമായി നാം ഉന്നയിച്ചുകൊണ്ടിരിക്കുന്ന പദ്ധതിയുടെ സാമ്പത്തികവും പാരിസ്ഥിതികവുമായ വശങ്ങൾ, ചിലവും ഫലവും തമ്മിലുള്ള താരതമ്യങ്ങൾ. പൊതുലക്ഷ്യങ്ങളെ സംബന്ധിച്ച അവകാശവാദങ്ങൾ ഇന്നെവിടെ? ജനകീയ പ്രസ്ഥാനങ്ങൾ മുന്നോട്ടുവച്ച വികസനമാതൃകകൾ, വികേന്ദ്രീകൃതവും നിലനിൽക്കുന്നതും സുരക്ഷിതവും യുക്തിപൂർവ്വവുമായ ബദൽ സംവിധാനങ്ങൾ എന്നിവയെപ്പറ്റി എന്തു പറയാനുണ്ട്?

മുൻകൂട്ടി അറിയിച്ച മൂല്യനിർണയത്തിനുശേഷം പദ്ധതിക്കായി ജനങ്ങളുടെ അനുവാദം ചോദിക്കുന്നതിനെന്തർത്ഥം? ഡാമിന്റെ ഉയരം കൂട്ടുകയെന്നത് പ്രത്യക്ഷമായും പരോക്ഷമായും സുപ്രധാനമായ മൂന്നു പാധികളെ ലംഘിക്കുന്നു. ട്രിബ്യൂണലിന്റെ വ്യവസ്ഥകളെപ്പോലും ലംഘിക്കുന്നു.

നർമദാ തീരത്തെ ആദിവാസികളും ഗോത്രവർഗ്ഗക്കാരും കർഷകരും അവരുടെ ജീവന്റേയും വിഭവങ്ങളുടെയും നാശവും അനീതിയും ഇനിയും സഹിക്കുകയില്ല. വികസനത്തിന്റെ പേരിൽ കർഷകർ, നഗരവാസികളായ ദരിദ്രർ, ദുർബല വിഭാഗക്കാർ, ഗോത്രവർഗക്കാർ എന്നിവരുടെ ഇനിയുമുള്ള ദരിദ്രവത്കരണത്തിനും ഒറ്റപ്പെടലിനും സമ്മതപത്രം നല്കുക എന്ന ചതിക്കു കൂട്ടുനിൽക്കലായിരിക്കും ഇനിയും സഹിക്കുകയെന്നതിനർത്ഥം.

ഈ രാജ്യത്തിലെ അധ്വാനിക്കുന്നവരുടെ ദരിദ്രവത്കരണം കൂട്ടുക എന്നാണതിനർത്ഥം. മുങ്ങിപ്പോകൽ ഭീഷണിയിൽ ജനങ്ങളുടെ നിശ്ചയദാർഢ്യത്തേയും പ്രസ്ഥാനത്തേയും അടിച്ചമർത്താൻ പറ്റില്ല. അധികാരത്തിൽ ഇരിക്കുന്നവരുടെ നിയമ ദുർവിനിയോഗം അടക്കമുള്ള ജനവിരുദ്ധ നീക്കങ്ങൾ ഇനിയും നമുക്കു വിഴുങ്ങാൻ പറ്റില്ല.

ഈ നിർണ്ണായക ഘട്ടത്തിൽ, നർമ്മദാ തീരത്തെ ജനങ്ങൾ ഐക്യദാർഢ്യം പുതുക്കാൻ നിങ്ങളോടാവശ്യപ്പെടുകയാണ്. ഗ്രാമീണർ മുങ്ങിപ്പോകലിനെ സത്യഗ്രഹ രീതിയിൽ നേരിടും. സത്യത്തെ മുറുകെപ്പിടി

(ശേഷം അഞ്ചാം പേജിൽ)

# നർമ്മദയിൽ നിന്ന് ഒരഭ്യർത്ഥന

(ഒന്നാം പേജ് തുടർച്ച)

ച്ചുകൊണ്ട് സർക്കാരിനോ ഏജൻസികൾക്കോ ഇത്തരം സ്ഥലങ്ങളിലെത്തിച്ചേരാൻ കഴിയില്ല. ഒരുപക്ഷെ, സർക്കാരിന് അത്യാഗ്രഹമില്ല. അവർ മുങ്ങിപ്പോകൽ എന്ന നഗ്നസത്യത്തെ സ്വയം നേരിടാൻ ജനങ്ങളെ തനിച്ചുവിടും. ഈ അഹിംസാ സമരം അതിന്റെ യുക്തിപൂർവ്വമായ അന്ത്യത്തിൽ എത്തിക്കാനുള്ള സമയമായി.

ഉള്ളിന്റെ ഉള്ളിൽ ജനങ്ങളുടെ ജീവനും വിഭവങ്ങൾക്കും ജനാധിപത്യപരവും മാനവികവുമായ രീതികളിലും വിശ്വസിക്കുന്ന ബുദ്ധിജീവികൾ, സാമൂഹ്യ പ്രവർത്തകർ, സംഘടനകൾ, കലാകാരൻമാർ, ദളിതുകൾ, ഗോത്രവർഗ്ഗക്കാർ എന്നിവരോടെല്ലാം- ഞങ്ങളുടെ കൂടെ നിൽക്കാൻ ഞങ്ങൾ ആവശ്യപ്പെടുന്നു. നർമ്മദാതീരത്ത് ഈ കാലവർഷക്കാലത്ത് രാഷ്ട്രം അപൂർവ്വമായ ഒരു സത്യഗ്രഹം കാണും. നീതിക്കുവേണ്ടി സമരം ചെയ്തുകൊണ്ട്, നിർമ്മാണ പ്രവർത്തനങ്ങളിലൂടെ ഒരു ബദൽ സംവിധാനം ഉരുത്തിരിയിച്ചും കൊണ്ട്, ഇന്ത്യയിൽ എമ്പാടുമുള്ള യുവാക്കളും കുട്ടികളും വൃദ്ധരും ഈ സമരത്തിൽ പങ്കുചേരും.

സമർപ്പിത് ദൾ എന്ന ചാവേർപ്പട, വെള്ളത്തിനെ നേരിടും. ഈ വെല്ലുവിളിയെ നേരിടാൻ മറ്റു സഹപ്രവർത്തകർക്കും സഹായികൾക്കും കൂടെ നില്ക്കാം. സത്യം നിലനിൽക്കുമെന്ന് നാം ഉറച്ചുപറയും. അധികാരമുള്ളവർ സത്യത്തെ ചവിട്ടിയരക്കുന്നത് തള്ളിപ്പറയും. ജനാവകാശങ്ങളെ നമ്മൾ കാത്തുരക്ഷിക്കും.

നിങ്ങളുടെ സഹായമില്ലെങ്കിൽ നർമ്മദാ തീരത്തെ ജനങ്ങളുടെ ശബ്ദം സർക്കാർ ഒതുക്കിയമർത്തും. ഈ ആപത്ഘട്ടത്തിൽ ഈ പ്രവർത്തനത്തിന് നിങ്ങളുടെയെല്ലാം പങ്കുചേരലും കൂട്ടായ്മയും അത്യാവശ്യമാണ്. സമരത്തിനു നിങ്ങളാലാവുന്ന സഹായം സംഘടിപ്പിച്ച് ഇവിടെ എത്തിച്ചേരാൻ നിങ്ങളോടെല്ലാവരോടും അപേക്ഷിക്കുന്നു.

## ജീവൻ യാത്ര

ജൂൺ 28 മുതൽ ഗ്രാമങ്ങളിലൂടെ പദയാത്ര തുടങ്ങി. കാടുകളും കുന്നുകളും കയറി പദയാത്ര സത്യഗ്രഹവേദിയിലെത്തിച്ചേരും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ നർമദാ ബചാവോ ആന്ദോളന്റെ ബഢ്വാനി ബറോഡാ ഓഫീസിൽ എത്തിച്ചേർന്നാൽ മതി.

സർക്കാരിനേയും മുങ്ങിപ്പോകലിനെയും വെല്ലുവിളിച്ചുകൊണ്ട് ഈ കാലവർഷക്കാലം മുഴുവൻ ഈ സത്യഗ്രഹം തുടരും. എല്ലാവർക്കും അതിൽ മുൻകൈയെടുക്കാം. പറ്റുന്ന രീതിയിൽ സഹായിക്കാം.

സത്യഗ്രഹത്തിനുശേഷം എത്തിച്ചേരുന്ന ഘട്ടം സമർപ്പണ (ആത്മബലി)മാണ്. ജനങ്ങളുടെ ജീവിതത്തിനെ ചവിട്ടിയരയ്ക്കുന്നത് സർക്കാർ നിർത്തിയില്ലെങ്കിൽ അടുത്ത നടപടിയായിത് നമുക്ക് ആലോചിക്കേണ്ടിവരും. നിങ്ങളുടെ പിന്തുണയോടെ....

നിങ്ങളുടെ പ്രതികരിക്കും, കൂട്ടുകാരെയും കൂട്ടായ്മകളെയും സംഘങ്ങളേയും ഈ വിവരം അറിയിക്കുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്.

## നർമ്മദ ബചാവോ ആന്ദോളൻ

മേധാ പട്ക്കറും സംഘവും നയിക്കുന്ന ഈ സമരത്തിനു ദൂരെയാണെങ്കിലും നമുക്കേറെ ചെയ്യാനുണ്ട് എന്നു നാം അറിയണം. ഈ ആഹ്വാനത്തിന്റെ കോപ്പികൾ ഞങ്ങൾ നിങ്ങൾക്കെത്തിക്കുന്നത് ഇതു കൈമാറാനാണ്. ഇതിന്റെ കൂടുതൽ കോപ്പികളെടുത്ത് സുഹൃത്തുക്കളെ അറിയിക്കുക. പത്രങ്ങൾക്കും സാഹിത്യ സാംസ്കാരിക പ്രവർത്തകർക്കും നല്കുക. നർമ്മദാ പദ്ധതി നിർത്തിവയ്ക്കാൻ - മദ്ധ്യപ്രദേശ്, ഗുജറാത്ത് മുഖ്യമന്ത്രിമാർക്കും പ്രധാനമന്ത്രിക്കും കഴിയുന്നത്ര കത്തുകളും ടെലിഗ്രാമുകളും അയപ്പിക്കുക. അതുപോലെ മാവൂർ ഗ്രാസിം അടച്ചുപൂട്ടാൻ കേരള മുഖ്യമന്ത്രിക്കും ഇത്രയെങ്കിലും ചെയ്യാനായില്ലെങ്കിൽ....

സ്നേഹപൂർവം
സംസ്ഥാന സമിതി
ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയസഖ്യം

കൂടുതൽ വിവരങ്ങൾക്ക്:
ജിയോ ജോസ്, എഡിറ്റർ 'സഖ്യം'
41/1771, വീക്ഷണം റോഡ്, കൊച്ചി-18
ഫോൺ: 426506